നം.ആർ.ആർ.1/ 90010/2017/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 22.11.2019.

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - വിദ്യാലയങ്ങളും പരിസരവും വൃത്തിയുള്ളതായി സംരക്ഷിക്കുന്നതിനെ - സംബന്ധിച്ച്.

വയനാട് ജില്ലയിലെ ഗവൺമെന്റ് സർവ്വജന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഷഹല ഷെറിൻ എന്ന വിദ്യാർത്ഥിനി പാമ്പ് കടിയേറ്റ് മരണമടഞ്ഞ ദു:ഖകരമായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും ചുവടെ നൽകുന്ന നിർദ്ദേശങ്ങൾ ഉടനടി നടപ്പിലാക്കേണ്ടതാണ്.

1. എല്ലാ സ്കൂളുകളിലും 30/11/2019 -ന് മുമ്പായി പി.ടി.എ മീറ്റിംഗ് അടിയന്തരമായി വിളിച്ചുചേർത്തു മേൽ വിഷയം ചർച്ചചെയ്ത് ഇത്തരം ദാരുണ സംഭവങ്ങൾ ഉണ്ടാകാതെയിരിക്കാനുള്ള മുൻകരുതലുകൾ എടുക്കേണ്ടതാണ്. ഇതിനെ തുടർന്ന് ക്ലാസ് പി.ടി.എ.കളും കൂടേണ്ടതാണ്
2. പാഴ്ച്ചെടികളും, പടർപ്പുകളും, വെട്ടിമാറ്റി സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള സത്വരനടപടികൾ കൈക്കൊള്ളേണ്ടതും, വൃത്തിയുള്ള അവസ്ഥ തുടരുന്നതിന് ജനപ്രതിനിധികളുമായും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും കൂടിയാലോചിച്ച്, തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.
3. ക്ലാസ്മുറികൾ, കോമ്പൗണ്ടുമതിലുകൾ, ടോയിലറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ദ്വാരങ്ങളോ, വിള്ളലുകളോ ഉണ്ടെങ്കിൽ അവ ഡിസംബർ 5-ന് മുമ്പായി സിമന്റും മണലും ഉപയോഗിച്ച് അടച്ച് സുരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.
4. സ്കൂൾ പരിസരത്ത് ഉപയോഗശൂന്യമായ പാഴ്വസ്തുക്കൾ കൂട്ടിയിട്ടുണ്ടെങ്കിൽ അവ ഉടനടി നീക്കംചെയ്ത് പ്രദേശം വൃത്തിയാക്കേണ്ടതാണ്.
5. ഇവയെല്ലാം ജനകീയ ക്യാമ്പയിനായി സംഘടിപ്പിക്കേണ്ടതാണ്.
6. ടോയിലറ്റുകളിൽ സ്വാഭാവികവെളിച്ചം ഇല്ലെങ്കിൽ ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്.
7. വിദ്യാർത്ഥികൾക്ക് പാദരക്ഷകൾ ഉപയോഗിക്കുന്നതിനുള്ള വിലക്ക് ഒരു വിദ്യാലയത്തിലും യാതൊരു കാരണവശാലും ഉണ്ടാകാൻ പാടില്ല.

8. വിദ്യാർത്ഥികൾ പറയുന്ന അവരുടെ ചെറിയ അസ്വസ്ഥതകൾക്കുപോലും വളരെയേറെ ശ്രദ്ധ നൽകി ജാഗ്രതയോടെ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ലഭ്യമാകുന്ന ഏത് വാഹനവും അടിയന്തര പ്രാധാന്യം നൽകി ഉപയോഗിക്കേണ്ടതാണ്.

9. അദ്ധ്യയന സമയം കഴിഞ്ഞാൽ ക്ലാസ്മുറികളുടെ വാതിലുകളും ജനലുകളും പൂട്ടി ഭദ്രമാക്കേണ്ടതാണ്.

10. ഇക്കാര്യങ്ങൾ പി.ടി.എയും പ്രഥമദ്ധ്യാപകരും, അദ്ധ്യാപകരും, അനദ്ധ്യാപകരും അതീവ പ്രാധാന്യം നൽകി നടപ്പിൽ വരുത്തേണ്ടതാണ്.

11. മേൽ പറഞ്ഞകാര്യങ്ങൾ പൂർണ്ണമായി നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് 10/12/2019 -ന് വൈകിട്ട് 4 മണിയ്ക്ക് മുമ്പായി വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

പകർപ്പ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ആർ.ഡി.ഡി മാർക്കും(ഹയർസെക്കണ്ടറി വിഭാഗം)
3. എല്ലാ എ.ഡി മാർക്കും( വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം.)
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. എല്ലാ പ്രിൻസിപ്പാൾമാർക്കും, പ്രഥമാധ്യാപകർക്കും (വിദ്യാഭ്യാസഉപഡയറക്ടർ, ആർ.ഡി.ഡി, എ.ഡി മുഖേന)
7. കരുതൽ ഫയൽ

ഇണ്ടാസ് നമ്പർ. ഡി.എ 1/12557/19/എച്ച്.ആർ.ഡി — തീയതി: 28.11.2019

ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള ടെക്നിക്കൽ സ്കൂളിന്റെ പ്രിൻസിപ്പാൾമാരുടെ അറിവിലേക്കും തുടർനടപടിയ്ക്കുമായി ഈ സർക്കുലർ അയക്കുന്നു.

ഒപ്പ്
ഡയറക്ടർ

പകർപ്പ്:

1. പ്രിൻസിപ്പാൾ, ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള എല്ലാ ടെക്നിക്കൽ സ്കൂൾ
2. ഐ.എച്ച്.ആർ.ഡിയുടെ വെബ്സൈറ്റ്
3. എസ്സ്.എഫ്/ഒ.സി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്